| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.277 | 08/06/2015 ൽ മറുപടിക്ക് |
| മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.എ.കെ.ബാലൻ** | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ഇപ്പോഴത്തെ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്; മന്ത്രിമാരുടെ പേരും കേസ്സിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ; ഓരോ അന്വേഷണവും എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) ഇപ്പോഴത്തെ മന്ത്രിസഭയിൽ വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന മന്ത്രിമാരുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.<br>**1. ശ്രീ.അടൂർ പ്രകാശ് (കുറ്റാരോപിതൻ -1)**<br>2004-2006 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന സമയത്ത് ശ്രീ.വി.രാജുവുമായി (കുറ്റാരോപിതൻ -2 ; (മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറി) ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി റേഷൻ കടകൾക്കുവേണ്ടി (Authorised Wholesale Dealer) അപേക്ഷിച്ച ശ്രീ.അബ്ദുൾ റഹ് മാൻ എന്നയാളിൽ നിന്നും 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് (വി.സി.02/2008/എൻ.ആർ.കെ) 20.02.2008 ൽ രജിസ്റ്റർ ചെയ്യുകയും ഈ കേസിന്റെ കുറ്റപത്രം 28.02.2011 - ൽ സമർപ്പിക്കുകയും അതിനുശേഷം അന്വേഷണ ഏജൻസിയുടെ അപേക്ഷയെ തുടർന്ന് തുടരന്വേഷണത്തിന് (Further Investigation) കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവിടുകയും ചെയ്തു. തുടരന്വേഷണം പുരോഗമിച്ചുവരുന്നു.<br>**2. ശ്രീ.കെ.എം.മാണി.**<br>ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം.മാണി, ധനകാര്യ വകുപ്പ് മന്ത്രി ഒരു കോടി രൂപ കോഴ വാങ്ങി എന്ന ആരോപണത്തിൽ ഒരു വിജിലൻസ് കേസ് (വി.സി.06/2014/എസ്.ഐ.യു- I) 10.12.2014 -ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.<br>**3.ശ്രീ.പി.ജെ.ജോസഫ്**<br>1997 -ൽ റവന്യൂ വകുപ്പ് മന്ത്രിയായിരിക്കെ ഫോറസ്റ്റ്/റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കിജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നൽകുക വഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കി എന്ന ആരോപണവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് പ്രകാരം ഒരു വിജിലൻസ് കേസ് (വി.സി.05/2012/ഇ.ആർ.കെ ) 06.10.2012 ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് വിജിലൻസ് കോടതികൾ ഉത്തരവിട്ടിട്ടുണ്ട് ; മന്ത്രിമാരുടെ പേരും കേസ്സിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ; | (ബി) യും (സി) യും | കേരള മോട്ടോർ വാഹന വകുപ്പിൽ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ റോഡു സുരക്ഷയുമായി ബന്ധപ്പെട്ട് എന്നവകാശപ്പെട്ട് സുവനീർ പ്രസിദ്ധീകരിക്കുന്നതിനായി ഗതാഗത വകുപ്പ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അനുമതിയോടെ മാനദണ്ഡങ്ങൾ പാലിക്കാതെ കൂപ്പണുകൾ അടിച്ച് മോട്ടോർ വാഹന ഉടമകളിൽ നിന്നും വൻതുക പിരിച്ചെടുക്കുന്നതായി ആരോപണം സംബന്ധിച്ച് ശ്രീ.ജോൺസൺ പടമാടൻ, പ്രസിഡന്റ്, കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഫയൽ ചെയ്ത സി.എം.പി. 367/2015 എന്ന പരാതിയിൽ ബഹു.തൃശ്ശൂർ വിജിലൻസ് കോടതിയുടെ 10.03.2015 ലെ ഉത്തരവിൻ പ്രകാരം ബഹുമാനപ്പെട്ട ഗതാഗതവും വനവും വകുപ്പ മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർക്ക് എതിരായി ഒരു പ്രാഥമിക അന്വേഷണം ( Preliminary Enquiry) സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -II ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടു മുമ്പാകെ നടത്തിവരുന്നു. മറ്റ് കോടതികളോ, ലോകായുക്തയോ മന്ത്രിമാർക്കെതിരെ അന്വേഷണത്തിന് വിജിലൻസിന് നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | ഏതെല്ലാം മന്ത്രിമാർക്കെതിരെ വിവിധ കോടതികളും ലോകായുക്തയും അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ